മലയോര ഹൈവേ

26 [1506] ശ്രീ. ടി.പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര ഹൈവേ കോഴിക്കോട് ജില്ലയിൽ ഏതെല്ലാം മണ്ഡലങ്ങളിൽകൂടെയാണ് നിർമ്മിക്കാൻ പോകുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) പേരാമ്പ്ര മണ്ഡലത്തിൽ ഏതെല്ലാം പഞ്ചായത്തുകളിൽ കൂടിയാണ് റോഡ് പോകുന്നതെന്ന് വിശദമാക്കാമോ;

(സി) ഹൈവേയുടെ കണക്റിവിറ്റി റോഡുകൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ) മലയോര ഹൈവേ കോഴിക്കോട് ജില്ലയിലെ നാദാപുരം, മേപ്പയൂർ, പേരാമ്പ്ര, ബാലുശ്ശേരി, തിരുവമ്പാടി എന്നീ സ്ഥലങ്ങളിലൂടെയാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്.

(ബി) പേരാമ്പ്ര മണ്ഡലത്തിലെ ചങ്ങരോത്ത്, കൂരാച്ചുണ്ട്, ചക്കിട്ടപ്പാറ എന്നീ പഞ്ചായത്തുകളിലൂടെയാണ് കടന്നുപോകുന്നത്.

(സി ആൻറ് ഡി) ഇതു സംബന്ധിച്ചുള്ള സാദ്ധ്യതാ പഠനങ്ങൾ നടത്തി വരുന്നതേയുള്ളൂ.

സൗജന്യ പാഠപുസ്തക വിതരണം

27 [1534] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെൺകുട്ടികൾക്കും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും സൗജന്യ പുസ്തക വിതരണത്തിനായി ഈ വർഷം എന്തു തുക അനുവദിച്ചു; അതിൽ എന്തു തുക ചെലവഴിച്ചു;

(ബി) ഈ വിഭാഗത്തിലെ എത്ര വിദ്യാർത്ഥികൾക്ക് പ്രയോജനം ലഭിച്ചു എന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ വർഷം 2384.88 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ചെലവഴിച്ച തുകയുടെ കണക്ക് ലഭ്യമായിട്ടില്ല.

(ബി) 17,36,296 കുട്ടികൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

ജില്ല	കുട്ടികളുടെ എണ്ണം
തിരുവനന്തപുരം	1,35,062
കൊല്ലം	1,31,276
പത്തനംതിട്ട	47,279
ആലപ്പുഴ	1,01,727
ഇടുക്കി	55,174
കോട്ടയം	89,559
എറണാകുളം	1,33,386
തൃശ്ശൂർ	1,67,582
പാലക്കാട്	1,81,589
മലപ്പുറം	2,71,817
കോഴിക്കോട്	1,60,114
വയനാട്	55,157
കണ്ണൂർ	1,31,375
കാസർഗോഡ്	75,199
ആകെ	17,36,296

എസ്. സി. ഇ. ആർ. ടി. 2005-06-ൽ നടത്താനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ

28 [1535] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) എസ്. സി. ഇ. ആർ. ടി. 2005-06-ൽ നടത്താനുദ്ദേശിക്കുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ;

(ബി) ഹയർ സെക്കണ്ടറി തലത്തിൽ പാഠ്യപദ്ധതി പരിഷ്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ എസ്. സി. ഇ. ആർ. ടി. ഏറെടുത്തിട്ടുണ്ടോ;

(സി) അദ്ധ്യാപകർക്ക് പരിശീലനം നൽകുന്നതിനായി എസ്. സി. ഇ. ആർ. ടി. 2005-06-ലേക്ക് എന്തെല്ലാം പരിപാടികളാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2005-2006-ൽ എസ്. സി. ഇ. ആർ. ടി. നടത്തുന്ന പ്രധാന പ്രവർത്തനങ്ങൾ ചുവടെ കൊടുക്കുന്നു:

1. 12-ാം തരത്തിലെ പാഠ്യപദ്ധതി പരിഷ്കരണം, പാഠപുസ്തക നിർമ്മാണം, സോഴ്സ് ബുക്ക് നിർമ്മാണം.

2. 11-ാം തരത്തിലെ അദ്ധ്യാപക പരിശീലനം. 22,000-ത്തോളം അദ്ധ്യാപകരെ പരിശീലിപ്പിക്കുന്നു. ഹയർ സെക്കൻറി, വൊക്കേഷണൽ ഹയർ സെക്കൻറി, ടെക്നിക്കൽ ഹയർ സെക്കൻറി മേഖലയിലെ അദ്ധ്യാപകരെ പരിശീലിപ്പിക്കുന്നതാണ്.

3. വൊക്കേഷണൽ ഹയർ സെക്കൻറി, ടെക്നിക്കൽ ഹയർ സെക്കൻറി മേഖലകളിൽ വൊക്കേഷണൽ വിഷയങ്ങൾക്കുള്ള സോഴ്സ് ബുക്ക് നിർമ്മാണം.

LIBRARY ARCHIVES Kerala Legislative Assembly